# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4899** — **22.05.2017-ൽ മറുപടിയ്ക്ക്**

## അപകടകരമായ കൊട്ടം വളവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ: | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പശ്ചാത്തല വികസനത്തിൽ ഏറെ മുന്നേറിയ കേരളത്തിലെ റോഡുകളിൽ കാലങ്ങളായി നിലനിൽക്കുന്ന പല കൊട്ടംവളവുകളും നിത്യേന അപകടങ്ങൾക്ക് വഴിവയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാഹനപ്പെരുപ്പവും തിരക്കുമനുസരിച്ച് റോഡുകൾ വികസിക്കുമ്പോൾ ഇത്തരം അപകടകരമായ വളവുകൾ മാത്രം മാറ്റിയെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; | (ബി) | വാഹനപ്പെരുപ്പവും തിരക്കുമനുസരിച്ച് റോഡുകൾ വികസിക്കുമ്പോൾ ഇത്തരം അപകടകരമായ വളവുകൾ മാറ്റിയെടുക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. എന്നിരുന്നാലും പ്രസ്തുത വളവുകൾ മാറ്റിയെടുക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുമ്പോൾ പ്രാദേശികമായ പലതരത്തിലുള്ള എതിർപ്പുകൾ മറികടന്ന് പൂർണ്ണമായ ഭൂമി ഏറ്റെടുക്കൽ പലപ്പോഴും സാധിക്കാറില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ അപകടകരമായ പല വളവുകളും മാറ്റിയെടുക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ഇത്തരം വളവുകളിലുള്ള കൈയേറ്റവും മറ്റും ഒഴിപ്പിച്ചും ആവശ്യമെങ്കിൽ ഭൂമി ഏറ്റെടുത്തും അപകടവളവുകൾ നേരെയാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ വിഷയം സംബന്ധിച്ച് ജില്ലാകളക്ടർമാരും, ജില്ലാതല ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ പൊതുമരാമത്ത് വകുപ്പ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾക്ക് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള കർശന നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം |

| | | | |
|---|---|---|---|
| | | | ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചു വരുന്നു. കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നല്കുന്ന മുറയ്ക്ക് പ്രസ്തുത വളവുകൾ മാറ്റിയെടുത്ത് അപകടനിവാരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഇത്തരം വളവുകൾ നിലവിലുള്ള ഇടങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ അടിയന്തിരമായി സ്ഥാപിക്കുവാൻ പി.ഡബ്ല്യൂ.ഡി മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയേതര ഫണ്ടും, കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ഫണ്ടും ഉപയോഗിച്ച് നിലവിൽ സംസ്ഥാനത്തുടനീളം ഇത്തരം വളവുകളിലും മറ്റ് ആവശ്യസ്ഥലങ്ങളിലും ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡം പ്രകാരമുള്ള സൈൻ ബോർഡുകൾ സ്ഥാപിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**